"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊട്ടാരക്കര കില സി.എച്ച്.ആർ.ഡി.-യിൽ കിലയുടെ അധീനതയിലുള്ള ഭൂമിയിൽ വനിതാ ഹോസ്റ്റൽ നിർമ്മാണത്തിനായി 456 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയും നിർമ്മാണത്തിനാവശ്യമായ ഫണ്ട് വിഹിതമായി ഓരോ ബ്ലോക്ക് പഞ്ചായത്തും 3 ലക്ഷം രൂപ വീതം കിലയ്ക്ക് നൽകുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.2956/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/12/2019

---

പരാമർശം:- 1 27.08.2019-ൽ ചേർന്ന കില ഗവേണിംഗ് കൗൺസിൽ തീരുമാനം (ഇനം നമ്പർ. 10)

2 കില ഡയറക്ടറുടെ 27/10/2019, 02/11/19 എന്നീ തീയതികളിലെ 2019/101/6543/സിഎച്ച്ആർഡി നമ്പർ കത്തുകൾ.

## ഉത്തരവ്

കിലയുടെ റീജിയണൽ സെന്റർ ആയ കൊട്ടാരക്കര സി.എച്ച്.ആർ.ഡി.-യിൽ കിലയുടെ അധീനതയിലുള്ള ഭൂമിയിൽ നിലവിലെ ഹോസ്റ്റലിനോട് ചേർന്ന സ്ഥലത്തോ, പഴയ ക്വാർട്ടേഴ്സുകൾ പൊളിച്ചു നീക്കം ചെയ്ത സ്ഥലത്തോ ഒരു മുറിയിൽ മൂന്ന് പേർക്ക് താമസിക്കുന്നതിനുള്ള സൗകര്യങ്ങൾ ക്രമീകരിച്ച് 25 മുറികൾ ഉൾക്കൊള്ളുന്ന ഒരു ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കി കില ഡയറക്ടർ 27/10/2019-ലെ കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആകെ 14,324 സ്ക്വയർ ഫീറ്റ് വിസ്തൃതിയുള്ള നിർദ്ദിഷ്ട കെട്ടിട സമുച്ചയത്തിന് 456 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് കോസ്റ്റ് കണക്കാക്കിയിട്ടുള്ളത്. ആയതിലേക്ക് കേരളത്തിലെ 152 ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതമായി ഓരോ ബ്ലോക്ക് പഞ്ചായത്തും 3 ലക്ഷം രൂപാ വീതം കിലയ്ക്ക് ലഭ്യമാക്കുകയാണെങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് കില ഡയറക്ടർ പരാമർശം(2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 27.08.2019-ൽ ചേർന്ന കില ഗവേണിംഗ് കൗൺസിൽ ഈ വിഷയം അജണ്ട ഐറ്റം നം.10 ആയി പരിഗണിക്കുകയും പ്രൊപ്പോസൽ അംഗീകരിക്കുകയും നിർമ്മാണാവശ്യത്തിനുള്ള തുക ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭ്യമാക്കുന്നതിന് ആവശ്യമായ ഉത്തരവിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ പ്രസ്തുത വനിതാ ഹോസ്റ്റൽ നിർമ്മാണത്തിനാവശ്യമായ ഫണ്ട്

വിഹിതമായി ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും 3 ലക്ഷം രൂപ വീതം കിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്നും കില ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കിലയുടെ റീജിയണൽ സെന്റർ ആയ കൊട്ടാരക്കര കില സി.എച്ച്.ആർ.ഡി.-യിൽ കിലയുടെ അധീനതയിലുള്ള ഭൂമിയിൽ വനിതാ ഹോസ്റ്റൽ നിർമ്മിക്കുന്നതിന് 456 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയും ഹോസ്റ്റൽ നിർമ്മാണത്തിനാവശ്യമായ ഫണ്ട് വിഹിതമായി ഓരോ ബ്ലോക്ക് പഞ്ചായത്തും 3 ലക്ഷം രൂപ വീതം കിലയ്ക്ക് ലഭ്യമാക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കില, തൃശ്ശൂർ.

എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
റീജിയണൽ ഡയറക്ടർ, കില-സി.എച്ച്.ആർ.ഡി., കൊട്ടാരക്കര.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ. / ജി&എസ്എസ്എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.